Draft #2 of File 55267/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 06-Dec-2021 01:47 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാല സേവനത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് സർവ്വകലാശാലാ ലൈബ്രറിയിൽ അംഗത്വം നൽകുന്ന നിലവിലെ രീതികൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് റിട്ടയേർഡ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. രാധാകൃഷ്ണ കുറുപ്പ് ജെ. സമർപ്പിച്ച അപേക്ഷ പരിഗണിച്ച 20.11.2021 തീയതിയിലെ സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 6821/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2021

---

*പരാമർശം:*-1. റിട്ടയേർഡ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. രാധാകൃഷ്ണ കുറുപ്പ് ജെ. സമർപ്പിച്ച അപേക്ഷ, തീയതി 10.10.2020

2. ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജിന്റെ കത്ത് നം. 253/എം ജി യു/ഭവി/2020, തീയതി, 11.01.2021

3. 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 171/21.05/55267/ADA5-1/2020

**<u>ഉത്തരവ്</u>**

സർവ്വകലാശാലാ ലൈബ്രറിയിൽ പെൻഷൻകാർക്ക് പ്രത്യേക വിഭാഗം അംഗത്വം ഏർപ്പെടുത്തുക, അംഗത്വ ഫീസായ 250/- രൂപ തുടക്കത്തിൽ മാത്രം ഈടാക്കുക, വാർഷിക ഫീസ് അവസാനിപ്പിക്കുക, പുസ്തകങ്ങളുടെ ഫൈൻ ദിവസം ഒരു രൂപയിൽ നിന്ന് 50 പൈസ ആയി കുറയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച സർവ്വകലാശാല സേവനത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാറായി വിരമിച്ച ശ്രീ. രാധാകൃഷ്ണ കുറുപ്പ് ജെ. പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർവകലാശാലയിൽ നിന്ന് വിരമിച്ചവർ സർവ്വകലാശാല ലൈബ്രറിയിൽ ഗ്രാജുവേറ്റ് അംഗത്വം എടുക്കുമ്പോൾ അവർക്ക് 1000 രൂപ കോഷൻ ഡെപ്പോസിറ്റും 250 രൂപ വാർഷിക വരിസംഖ്യയും അടയ്ക്കേണ്ടതുണ്ടെന്നും ടിയാൻ അറിയിക്കുകയുണ്ടായി.

കോഷൻ ഡെപ്പോസിറ്റിൽ (1000 രൂപ) മാറ്റം വരുത്താതെ വാർഷിക ഫീസ് (250 രൂപ) ഒഴിവാക്കിയാൽ വിരമിച്ച സർവ്വകലാശാല ജീവനക്കാർക്ക് ഗുണകരമായിരിക്കുമെന്ന് സർവ്വകലാശാലാ ലൈബ്രേറിയൻ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് സർവകലാശാല ലൈബ്രറിയിൽ അംഗത്വം നൽകുന്ന നിലവിലെ രീതികൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണിച്ച 20.11.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം സർവകലാശാല സേവനത്തിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നിലവിലുള്ള നിയമങ്ങൾക്കകത്തു നിന്നുകൊണ്ടുള്ള അംഗത്വം മാത്രം നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1. ശ്രീ. രാധാകൃഷ്ണ കുറുപ്പ് ജെ., റിട്ടയേർഡ് അസിസ്റ്റന്റ് രജിസ്ട്രാർ
2. വി. സി./ പി. വി. സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ എഫ്. ഒ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
4. സർവ്വകലാശാലാ ലൈബ്രേറിയൻ
5. എ ആർ II/ ഡി ആർ II/ ജെ ആർ I ( ഭരണം )
6. എഫ് സി സി / ഫിനാൻസ് I , II / എ സി സി I , II , ഓഡിറ്റ് II / III
7. ഐക്യുഎസി/ സിറ്റാഡ്/ കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
9. ഫയൽ കോപ്പി/ റെക്കോർഡ്സ് വിഭാഗം/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 55267/AD A5-1/2020/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 06-Dec-2021 01:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം